റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. ഇ. ഇസ്മയിൽ)

(എ) സർക്കാർ ഭൂമി പാട്ടത്തിനു നൽകുന്ന നടപടി തുടരുന്നുണ്ട്. കൃഷിത്തോട്ടം പാട്ടത്തിന് നൽകുന്നില്ല.

(ബി) കാർഡമംഹിൽ റിസർവ് ഒഴികെ ഗ്രാമപ്രദേശങ്ങളിൽ 6,206 ഹെക്ടർ ഭൂമിയും നഗരപ്രദേശങ്ങളിൽ 246 ഹെക്ടർ ഭൂമിയും നൽകിയിട്ടുണ്ട്.

(സി) ഗ്രാമപ്രദേശങ്ങളിൽ 1985-ലെ ജി.ഒ. (എം.എസ്) 1026/85/ആർ. ഡി. നമ്പർ ഉത്തരവു പ്രകാരവും നഗരപ്രദേശങ്ങളിൽ 1995-ലെ ജി.ഒ.566/95/ആർ. ഡി. നമ്പർ ഉത്തരവു പ്രകാരവുമാണ് പാട്ടത്തിന് നൽകുന്നത്.

(ഡി) കോർപ്പറേഷൻ/മുനിസിപ്പൽ പ്രദേശത്ത് വ്യാവസായികേതര ആവശ്യത്തിന് സർക്കാർ ഭൂമി പാട്ടത്തിനു നൽകുമ്പോൾ വാർഷിക പാട്ടം വസ്തുവിന്റെ കമ്പോളവിലയുടെ 10%വും, വ്യാവസായികാവശ്യത്തിനു പാട്ടത്തിനു നൽകുമ്പോൾ കമ്പോളവിലയുടെ 20% ഈടാക്കണമെന്ന് സർക്കാർ ഉത്തരവു (പി 566/95/ആർ. ഡി. -യിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഗ്രാമ പ്രദേശങ്ങളിൽ 1985 -ലെ ജി. ഒ.(എം. എസ്) 1026/85/ആർ. ഡി. നമ്പർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരവുമാണ്.

(ഇ) നഗര/കോർപ്പറേഷൻ പ്രദേശങ്ങളിലെ പാട്ടനിരക്ക് പരിഷ്ക്കരിക്കുവാൻ ഇപ്പോൾ ഉദ്ദേശമില്ല. ഗ്രാമപ്രദേശങ്ങളിലെ ഭൂമിയുടെ പാട്ടം പരിഷ്ക്കരിക്കുന്നത് സർക്കാരിന്റെ പരിഗണനയിലാണ്.

(എഫ്) പാട്ടത്തുക, പാട്ടക്കാലാവധി കഴിഞ്ഞ കേസുകളിൽ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് പുതുക്കി വരുന്നുണ്ട്.

(ജി) ഇപ്പോൾ ആലോചനയിൽ ഇല്ല.

(എച്ച്) പാട്ടത്തിനു കൊടുത്ത ഭൂമിയിൽ പാട്ടക്കാലാവധി കഴിഞ്ഞ കേസുകളിൽ പുതുക്കുന്നതിന് അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് പാട്ടം പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. പുതുക്കുന്നതിനുള്ള അപേക്ഷ നൽകാത്ത കേസുകളിൽ പാട്ടം റദ്ദ് ചെയ്ത് ഭൂമി തിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. അനധികൃതമായി കൈയേറ്റം ഉള്ള സർക്കാർ ഭൂമിയിൽ നിന്ന് കയ്യേറ്റക്കാരെ ഒഴിവാക്കുന്നതിന് കേരള ഭൂസംരക്ഷണ നിയമപ്രകാരം നടപടി എടുത്തു വരുന്നു.

വംശനാശം നേരിടുന്ന മത്സ്യ സമ്പത്തിന്റെ പരിപോഷണം

14 (*135) ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :
ശ്രീ. എം. പി. വർഗ്ഗീസ് :
ശ്രീ. ജി. സുധാകരൻ :
ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് അമിതചൂഷണം മൂലം വംശനാശം നേരിടുന്ന മൽസ്യ സമ്പത്തിനെക്കുറിച്ച് സർക്കാർ എന്തെങ്കിലും വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ വംശനാശം നേരിടുന്ന മൽസ്യസമ്പത്ത് പരിപോഷിപ്പിക്കുന്നതിനായി എന്തൊക്കെ നടപടികൾ ഇതിനകം സ്വീകരിച്ചെന്ന് വെളിപ്പെടുത്തുമോ ;

(സി) വംശനാശം നേരിടുന്ന മൽസ്യസമ്പത്തിന്റെ പരിപോഷണ നടപടികൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ഡി) പ്രസ്തുത നടപടികളുടെ ഫലമായി മത്സ്യ സമ്പത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ മത്സ്യസമ്പത്ത് പരിപോഷിപ്പിക്കുന്ന നടപടി തുടർന്നുവരുന്നുണ്ടോ ; എങ്കിൽ ഈ മേഖലയിൽ എന്തൊക്കെ നേട്ടങ്ങൾ കൈവരിക്കാനായി എന്ന് വ്യക്തമാക്കാമോ ;

(എഫ്) ഉൾനാടൻ മത്സ്യമേഖലയിൽ മത്സ്യസമ്പത്ത് വംശനാശം നേരിടുന്നതായി എന്തെങ്കിലും പഠനം തെളിയിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ജി) പ്രസ്തുത മേഖലയിലും പരിപോഷണ പദ്ധതി നടപ്പാക്കേണ്ടതുണ്ടെന്ന് കരുതുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ)

(എ) ഉണ്ട്.

(ബി) താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. 1980-ലെ കേരള മറൈൻ ഫിഷറീസ് റഗുലേഷൻ ആക്ടിന്റെ നിർമ്മാണവും നടപ്പാക്കലും. ഇന്ന് ഇന്ത്യയിലെതന്നെ ആദ്യത്തെ സംസ്ഥാനതല മത്സ്യവിഭവ പരിപാലന സംരക്ഷണനിയമമാണ്.

2. കേരള മറൈൻ ഫിഷറീസ് റഗുലേഷൻ ആക്ട് നൽകുന്ന അധികാരം ഉപയോഗിച്ച് കഴിഞ്ഞ ദശകമായി മൺസൂൺകാലത്ത് ബോട്ട് ട്രോളിംഗ് നിരോധിച്ചുവരുന്നു.

3. അമിത ചൂഷണം നേരിടുന്ന കടലിലെ ചെമ്മീൻ സമ്പത്ത് പരിപോഷിപ്പിക്കുന്നതിനായി കഴിഞ്ഞ ഏതാനും വർഷങ്ങളായി "സീ റാബ്ചിംഗ്" (കടലിൽ ചെമ്മീൻ കുഞ്ഞുങ്ങളെ വിതയ്ക്കുന്ന പദ്ധതി) നടപ്പാക്കി വരുന്നു.

(സി) ഉണ്ട്.

(ഡി) ഉണ്ട്. നമ്മുടെ സമുദ്ര വിഭവത്തിന്റെ ഗതിവിഗതികൾ നിരീക്ഷിച്ചു വരുന്ന കൊച്ചിയിലെ കേന്ദ്ര സമുദ്ര മൽസ്യഗവേഷണ സ്ഥാപന (സി.എം.എഫ്. ആർ.ഐ) ത്തിന്റെ കണക്കുകളനുസരിച്ച് ട്രോളിംഗ് നിരോധനംമൂലം മൽസ്യ സമ്പത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്നാണ് കാണുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഉണ്ട്. ജില്ലാപഞ്ചായത്തുകൾ വഴി, പുഴകളിലും കായലുകളിലും, ആറ്റുകൊഞ്ച് മുതലായ അമിതചൂഷണം നേരിടുന്ന മത്സ്യയിനങ്ങൾ നിക്ഷേപിച്ചു വളർത്തുന്ന സാമൂഹ്യമത്സ്യകൃഷി വിജയകരമായി നടപ്പാക്കിവരുന്നു. ഇതേത്തുടർന്ന് ഉൾനാടൻ ജലാശയങ്ങളിൽ ആറ്റുകൊഞ്ചിന്റെ ലഭ്യത ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്.

(എഫ്) ഇതു സംബന്ധിച്ച് സമഗ്രമായ പഠനം നടത്തിയിട്ടില്ല. എന്നാൽ ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ കൊച്ചി യൂണിവേഴ്സിറ്റിയുമായി സഹകരിച്ച് ഇത്തരം പഠന പദ്ധതികൾ നടപ്പാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ദേശീയ കൃഷി സാങ്കേതിക വിദ്യാപദ്ധതി (NATP) യുടെ ആഭിമുഖ്യത്തിൽ കേരളം ഉൾപ്പെടെ രാജ്യത്ത് വംശനാശഭീഷണി നേരിടുന്ന മൽസ്യസമ്പത്തിനെപ്പറ്റി വിപുലമായ പഠനം നടന്നുവരുന്നുണ്ട്.

(ജി) ഉണ്ട്. കേരളത്തിലെ മിക്ക നദികളുടെയും പ്രഭവസ്ഥാനങ്ങളിൽ ധാരാളമായി കണ്ടുവന്നിരുന്നതും ഇപ്പോൾ വംശനാശ ഭീഷണി നേരിടുന്നതുമായ കുയിൽ മൽസ്യം (മഹസീർ) സംരക്ഷിക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നു.

മോട്ടോർ വാഹനവകുപ്പിന്റെ പ്രവർത്തനം

15 (*136) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. കെ. എം. മാണി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മോട്ടോർ വാഹനവകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശം അറിയിക്കാമോ ;

(സി) മോട്ടോർ വാഹന നിയമത്തിലെ വ്യവസ്ഥകൾ പാലിക്കപ്പെടാത്തതിനാൽ സംസ്ഥാനത്ത് റോഡപകടങ്ങൾ വർദ്ധിക്കുന്നതായ സംഗതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇതു പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി. കെ. നാണു)

(എ) ഉണ്ട്.

(ബി) മോട്ടോർ വാഹനവകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി, വകുപ്പിന്റെ പ്രവർത്തനം കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകി വരുന്നു. കൂടാതെ നാഷണൽ പെർമിറ്റ്, പ്രൈവറ്റ് വാഹനങ്ങൾക്ക് നൽകുന്ന പെർമിറ്റ്, ഡ്രൈവിംഗ് ലൈസൻസ്, ലേണേഴ്സ് ലൈസൻസ്, വാഹന രജിസ്ട്രേഷൻ നമ്പർ എന്നിവ നൽകുന്നതിലുള്ള കാലതാമസം പരമാവധി

LIBRARY ARCHIVES Kerala Legislative Assembly